# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 6

## വാർത്താക്കുറിപ്പ്

### കനത്ത ചൂടിൽ നാട്ടുവലയുമ്പോൾ സൗരോർജ്ജത്തിലൂടെ നേട്ടമുണ്ടാക്കി മഹാത്മാ ഗാന്ധി സർവകലാശാല

കനത്ത ചൂടിൽ നാടാകെ വലയുകയും വൈദ്യുതി ഉപയോഗം വർധിക്കുകയും ചെയ്യുമ്പോൾ സൗരോർജ്ജത്തിൽനിന്ന് നേട്ടം കൊയ്ത് മഹാത്മാ ഗാന്ധി സർവകലാശാല. എട്ട് കെട്ടിടസമുച്ചയങ്ങളിലായി 400 കിലോവാട്ടിന്റെ ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ് സ്ഥാപിച്ചാണ് സർവകലാശാല വൈദ്യുതി ഉല്പാദിപ്പിച്ച് നേട്ടമുണ്ടാക്കുന്നത്. റൂസ പദ്ധതിയിലുൾപ്പെടുത്തി 3.25 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്.

പരീക്ഷണ ഉൽപ്പാദനത്തിൽത്തന്നെ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 14 ദിവസം മാത്രം ഉൽപ്പാദനം നടത്തിയ കഴിഞ്ഞമാസം വൈദ്യുതിനിരക്കിനത്തിൽ രണ്ടുലക്ഷം രൂപയാണ് സർവകലാശാല ലാഭിച്ചത്. സർവകലാശാലയിലെ വൈദ്യുതി ചാർജ് 15 ലക്ഷത്തിൽ നിന്ന് 13 ലക്ഷമായി കുറഞ്ഞു. സോളാർ പവർപ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സർവകലാശാല ആവശ്യങ്ങൾക്കുപയോഗിക്കുകയും മിച്ചം വരുന്നത് കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുകയും ചെയ്യുന്ന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

ദിവസേന 1600 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ളതാണ് പ്ലാന്റ്. ചൂട് കൂടിയതോടെ ഇത് ദിവസം ശരാശരി 1800-1900 യൂണിറ്റ് വരെയായി ഉയർന്നിട്ടുണ്ടെന്ന് സിൻഡിക്കേറ്റ് ആസൂത്രണ വികസന ഉപസമിതി കൺവീനർ ഡോ. കെ. കൃഷ്ണദാസ് പറഞ്ഞു. പ്രസന്നമായ കാലാവസ്ഥ ആയതിനാൽ അടുത്തമാസം വൈദ്യുതിനിരക്കിനത്തിൽ വലിയ ലാഭം പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ വില കുറച്ചുള്ള ചാർജാണ് സർവകലാശാല അടയ്ക്കുന്നത്.

കാമ്പസിലെ ഭരണവിഭാഗം കെട്ടിടം, എൻവയോൺമെന്റൽ സയൻസസ്, പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, ബിഹേവിയറൽ സയൻസസ്, കമ്പ്യൂട്ടർ സയൻസസ് വകുപ്പുകളിലെയും ലൈബ്രറിയിലെയും കെട്ടിടങ്ങളിലെ മേൽക്കൂരയിലാണ് സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. 320 കിലോവാട്ട് ശേഷിയുള്ള 1258 പാനലുകളും 50, 30, 20, 6 കിലോവാട്ട് ശേഷിയുള്ള സ്ട്രിംഗ് ഇൻവെർട്ടറുകളുമാണ് വിവിധ പ്ലാന്റുകളിലായി സ്ഥാപിച്ചിരിക്കുന്നത്. സർവകലാശാല എൻജിനീയറിംഗ് വിഭാഗത്തിനാണ് പരിപാലന ചുമതല.

മഴക്കാലത്ത് കാമ്പസിൽ മഴക്കുഴികളും മറ്റും തീർത്ത് മഴവെള്ളം സംഭരിച്ചതിനാൽ കാമ്പസിലെ രവീന്ദ്ര സരോവരമടക്കമുള്ള ജലസ്രോതസ്സുകൾ വരൾച്ചയെ അതിജീവിക്കുമെന്ന പ്രതീക്ഷയിലാണ് സർവകലാശാല.

(പി.ആർ.ഒ./39/440/2019)

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഭരണവിഭാഗം കെട്ടിടത്തിന്റെ മേൽക്കൂരയിൽ സ്ഥാപിച്ചിരിക്കുന്ന സോളാർ പവർ പ്ലാന്റ്**

## പുതുക്കിയ പരീക്ഷ തീയതി

മാർച്ച് 19ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (സപ്ലിമെന്ററി/റീഅപ്പിയറൻസ്) സി.ബി.സി.എസ്.എസ്. പരീക്ഷ മെയിൽ നടക്കുന്ന നാലാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് റഗുലർ (സി.ബി.സി.എസ്.എസ്.) പരീക്ഷയോടൊപ്പം നടക്കും.

(പി.ആർ.ഒ./39/441/2019)

## എം.ഫിൽ സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ 2018-19 വർഷത്തെ എം.ഫിൽ കമ്പ്യൂട്ടർ സയൻസിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. എം.ജി. സർവകലാശാലയുടെ അംഗീകാരമുള്ള കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഷയത്തിൽ (എം.എസ്‌സി., എം.സി.എ., എം.എസ്., എം.ടെക്, എം.ഇ.) 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. എസ്.ടി. വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ എസ്.സി. വിഭാഗത്തിലുള്ളവരേയും പരിഗണിക്കും. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം മാർച്ച് 11ന് രാവിലെ 10ന് നേരിട്ട് ഹാജരാകണം. ഫോൺ: 0481-2731037.

(പി.ആർ.ഒ./39/442/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ 2018-19 എം.ഫിൽ ബിസിനസ് സ്റ്റഡീസ് ബാച്ചിൽ പട്ടികവർഗ വഭാഗത്തിൽ രണ്ടൊഴിവുണ്ട്. എം.ബി.എ., എം.കോം, എം.എച്ച്.ആർ.എം., എം.എ. ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ 50 ശതമാനം മാർക്ക് നേടിയവർ അസൽ രേഖകളുമായി മാർച്ച് എട്ടിനകം പഠനവകുപ്പിൽ എത്തണം. ഫോൺ: 0481-2732288.

(പി.ആർ.ഒ./39/443/2019)

## എം.ജി. സർവകലാശാലയിൽ പി.ജി. പ്രവേശനത്തിന് അപേക്ഷിക്കാം; രജിസ്ട്രേഷൻ മാർച്ച് 31 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ദേശീയതലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് (ക്യാറ്റ് എംജി.യു.) അപേക്ഷിക്കാം. മാർച്ച് 31 വരെയാണ് രജിസ്ട്രേഷൻ. കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലും ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലും പരീക്ഷാകേന്ദ്രങ്ങളുണ്ട്. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. www.cat.mgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. യോഗ്യത പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷ നൽകാം. പഠനവകുപ്പുകളിലെ വിവിധ എം.എ., എം.എസ്‌സി., എം.ടി.ടി.എം., എൽ.എൽ.എം., എം.എഡ്., എം.ബി.എ. പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷകരുടെ യോഗ്യതയനുസരിച്ച് ഒരു അപേക്ഷയിൽത്തന്നെ നാല് ബിരുദാനന്തര ബിരുദ വകുപ്പുകളിലെ പ്രോഗ്രാമുകൾ തെരഞ്ഞെടുക്കാം (എം.ബി.എ. ഒഴികെ). എം.ബി.എ.യ്ക്ക് പ്രത്യേകമായി രജിസ്റ്റർ ചെയ്യണം. എം.ബി.എ. ഒഴിച്ചുള്ള പ്രോഗ്രാമുകൾക്ക് ഒന്നിലധികം അപേക്ഷ സമർപ്പിക്കരുത്. ഓരോ പ്രോഗ്രാമിനും പൊതു വിഭാഗക്കാർക്ക് 1000 രൂപയും കേരളത്തിനകത്തുള്ള എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 500 രൂപയുമാണ് അപേക്ഷ ഫീസ്. ഫീസ് ഓൺലൈനായി അടയ്ക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481-2733615. ഇമെയിൽ: catcellmguniversity@gmail.com. വിജ്ഞാപനവും പ്രോസ്പെക്ടസുമടക്കമുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/444/2019)

## പരീക്ഷ ഫലം

2018 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. (ദ്വിവത്സരം - 2017 അഡ്മിഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/445/2019)

**കേന്ദ്രീകൃത ഉത്തരക്കടലാസ് മൂല്യനിർണയം ഇന്നു മുതൽ (മാർച്ച് 7)**

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. നവംബർ 2018 പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണയം ഇന്നു മുതൽ (മാർച്ച് 7) എട്ട് മേഖലാ കേന്ദ്രങ്ങളിൽ കേന്ദ്രീകൃത മൂല്യനിർണയ രീതിയിൽ നടക്കും. മൂന്നാം സെമസ്റ്റർ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും തങ്ങളുടെ മേഖലകളിലെ മൂല്യനിർണയ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. പാലാ അൽഫോൻസാ കോളേജ് (9447362420), കോട്ടയം ബി.സി.എം കോളേജ് (9495048781), ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ് (9495710378), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9946554827), കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (9287562203), ആലുവ യു.സി. കോളേജ് (9995537337), മൂവാറ്റുപുഴ നിർമല കോളേജ് (9447384554), ലബ്ബക്കട ജെ.പി.എം. ബി.എഡ്. കോളേജ് (9447266980) എന്നിവയാണ് മേഖലാ കേന്ദ്രങ്ങൾ.

(പി.ആർ.ഒ./39/446/2019)

**'സൈബർ ആക്രമണങ്ങളിൽ നിന്നും സമൂഹത്തെയും**

**സ്ത്രീകളെയും സംരക്ഷിക്കുക' - പ്രഭാഷണം മാർച്ച് എട്ടിന്**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ വിഭാഗം 'സൈബർ ആക്രമണങ്ങളിൽ നിന്നും സമൂഹത്തെയും സ്ത്രീകളെയും സംരക്ഷിക്കുക' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിക്കുന്നു. മാർച്ച് എട്ടിന് രാവിലെ 10ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിലാണ് പ്രഭാഷണം. സൈബർ അക്കാദമി ആന്റ് ഫോറൻസിക് എജ്യൂക്കേഷൻ ഡയറക്ടർ ഡോ. വികാസ് ഗോപിനാഥ് മുഖ്യ പ്രഭാഷണം നടത്തും.

(പി.ആർ.ഒ./39/447/2019)

സുഹൃത്തുക്കളെ,

കേരളത്തിലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് വിതരണം നാളെ (മാർച്ച് 7) രാവിലെ 10ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. ബഹു. ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം, ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ എന്നിവർ പങ്കെടുക്കും. എല്ലാവരേയും ചടങ്ങിലേക്ക് ക്ഷണിക്കുന്നു. പ്രസ്ക്ലബ്ബിൽ നിന്ന് രാവിലെ 9.10ന് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും എത്തിച്ചേരണമെന്നും മികച്ച കവറേജ് നൽകണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ